# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## പി എം ജി എസ് വൈ പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5346 — 23-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | 2017-18 വർഷത്തേക്ക് പി എം ജി എസ് വൈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ടാർജറ്റ് നിശ്ചയിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ സംസ്ഥാനത്ത് 2017-18 വർഷത്തേക്ക് എത്ര കിലോമീറ്ററാണ് ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത്; | | |
| (സി) | 2013 ൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ടാർജെറ്റ് നിശ്ചയിച്ച 570 കി.മീ റോഡ് പ്രകാരം എത്ര കിലോമീറ്റർ പ്രവൃത്തികളുടെ ടെണ്ടർ നടന്നു; ബാക്കി കിലോമീറ്റർ റോഡുകളുടെ ടെണ്ടർ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം നൽകുമോ? | (സി) | 2013-ൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ടാർജറ്റ് നിശ്ചയിച്ച 570 കിലോമീറ്ററിൽ 319.948 കിലോമീറ്റർ ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയപ്പോൾ 302.03 കിലോമീറ്റർ ദൈർഘ്യംവരുന്ന 79 റോഡുകൾക്ക് കരാർ ഉറപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കരാർ ഉറപ്പിക്കാൻ കഴിയാത്ത 17.92 കിലോമീറ്റർ ദൈർഘ്യംവരുന്ന 5 റോഡ് പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>അംഗീകൃത ടാർജറ്റിൽ 250 കിലോമീറ്റർ ബാക്കിയുണ്ടായിരുന്നുവെങ്കിലും സംസ്ഥാനം 277.288 കിലോമീറ്റർ ദൈർഘ്യംവരുന്ന 70 റോഡുകളുടെയും 4 പാലങ്ങളുടെയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ